# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 21-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **3196**

# തുറമുഖങ്ങളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.ടി.തോമസ് :<br>ശ്രീ. അനൂപ് ജേക്കബ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിവരിക്കുമോ ; | (എ) സംസ്ഥാനത്തെ ചെറുകിടതുറമുഖങ്ങളായ കൊല്ലം, വിഴിഞ്ഞം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖ നിർമ്മാണം എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. 763 കോടി രൂപ ചെലവിൽ പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിലേയ്ക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ തുറമുഖം ഒരു മറീനയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തുറമുഖങ്ങളുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ; | (ബി) കപ്പലുകൾക്ക് വന്ന് അടുക്കാനുള്ള ചാനൽ, ബേസിൻ, വാർഫ് എന്നിവയാണ് തുറമുഖങ്ങളിലാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ |

ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ ഒരു കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം, സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബി എന്നിവ വഴി തുക സമാഹരിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ സാഗർമാല പ്രൊജക്ടിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ഡി) | തുറമുഖ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കൊല്ലം, അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച്സ്റ്റാക്കർ, ഫോർക്ക് ലിഫ്റ്റ്, വി.ടി.എം.എസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കപ്പലുകളെ വാർഫിലേയ്ക്ക് അടുപ്പിക്കുന്നതിനായി എം.ടി.കേരള, എം.ടി. മലബാർ, എം.ടി. അഴീക്കൽ, എം.ടി ചാലിയാർ, എം.ടി. സാമൂതിരി എന്നീ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട് തുറമുഖങ്ങളിലെ ചരക്കു ഗതാഗതം ശക്തിപ്പെടുത്തുന്നതിനായി തുറമുഖങ്ങളിൽ റോഡ്/റയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുവാൻ റയിൽവികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**